## ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി (പ്രാപ്തി)

സംസ്ഥാനത്ത് 2015-ൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ ഭിന്നശേഷിക്കാരുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 22 തരം വിഭാഗത്തിൽപ്പെട്ട 7,94,834 ഭിന്നശേഷിക്കാരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് സഞ്ചരിക്കുന്നതിനും, വിദ്യാഭ്യാസം നേടുന്നതിനും, ജോലി സമ്പാദിക്കുന്നതിനും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതു കാരണം ബഹുഭൂരിപക്ഷവും സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുള്ളവരാണ്. ഭിന്നശേഷിക്കാർക്കായി നിലവിൽ വന്ന The Rights of Persons with disabilities Act – 2016-ലെ വ്യവസ്ഥകൾ പ്രകാരമുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും അവർക്ക് നേടിക്കൊടുക്കുന്നതിനും സാമൂഹ്യനീതി വകുപ്പിന് വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്. RPWD Act Sec-45 പ്രകാരം എല്ലാ പൊതു കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് 2017-18 മുതൽ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സഞ്ചരിക്കുവാനുള്ള ബുദ്ധിമുട്ട് കാരണം ബഹുഭൂരിപക്ഷം ഭിന്നശേഷിക്കാരുടെയും ജീവിതം വീടിനുള്ളിൽ തളയ്ക്കപ്പെടുന്നു. ഇത്തരം അവസ്ഥകൾ ഒഴിവാക്കുന്നതിനും ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പു വരുത്തി രാഷ്ട്ര നിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പു സാമ്പത്തിക വർഷവും വകുപ്പ് മുഖേന നടപ്പിലാക്കാവുന്നതാണ്.

ഭിന്നശേഷിക്കാർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേനയും സഹായ ഉപകരണങ്ങൾ വിതരണം നടത്തുന്നുണ്ട്. അക്കാരണത്താൽ സഹായ ഉപകരണങ്ങൾ ലഭിച്ച ഭിന്നശേഷിക്കാർക്ക് വീണ്ടും ലഭിക്കുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. ഇത്തരം അവസ്ഥ

AN

കാരണം അർഹതപ്പെട്ട പലർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.

ഇത്തരം അവസ്ഥകൾ ഒഴിവാക്കുന്നതിനായി ഈ സാമ്പത്തിക വർഷം തികച്ചും സാമ്പത്തികമായി പിന്നോക്കം നൽക്കുന്നതും നാളിതുവരെ യാതൊരു വിധ സഹായ ഉപകരണങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേനയോ ലഭിച്ചിട്ടില്ലാത്തതുമായ ഭിന്നശേഷിക്കാർക്കു മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

<u>ലക്ഷ്യം</u>

സാമൂഹ്യനീതി വകുപ്പ് നൽകുന്ന സഹായ ഉപകരണങ്ങളിലൂടെ ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഇത്തരക്കാർക്കും മറ്റുള്ളവരെപ്പോലെയുള്ള ജീവിതം കെട്ടുറപ്പോടെ പടുത്തുയർത്തുന്നതിനും വിദ്യാഭ്യാസം, തൊഴിൽ എന്നിവ നേടുന്നതിലൂടെ സാമൂഹികമായും സാമ്പത്തികവുമായുള്ള നിലവാരം ഉയർത്താനും സാധിക്കുന്നു.

<u>പദ്ധതി മാനദണ്ഡങ്ങൾ</u>

- 40%വും അതിനു മുകളിലും വൈകല്യമുള്ളവരായിരിക്കണം.
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
- പ്രളയത്തിൽ സഹായ ഉപകരണങ്ങൾ നഷ്ടമായവർക്ക് മുൻഗണന നൽകാവുന്നതാണ്.
- വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേനയോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ, മറ്റ് ഏതെങ്കിലും പദ്ധതി മുഖേനയോ സഹായ ഉപകരണങ്ങൾ ലഭിച്ചവർ അപേക്ഷിക്കാൻ പാടില്ല.

- പദ്ധതി പൂർത്തീകരിച്ചതിനു ശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ യു.സി. സമർപ്പിക്കുന്നു.
- 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ വകുപ്പിൽ നിന്നും നൽകിയ സഹായ ഉപകരണം ലഭിച്ചിട്ടില്ലായെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സഹായ ഉപകരണങ്ങൾ നൽകിയിട്ടില്ലായെന്ന് വികലാംഗ ക്ഷേമ കോർപ്പറേഷൻ എം.ഡി.യും ഉറപ്പു വരുത്തേണ്ടതാണ്.

**ടെക്നിക്കൽ കമ്മിറ്റി**

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന ലഭിക്കുന്ന ആവശ്യകതാ റിപ്പോർട്ടിന്റെയും ഗുണഭോക്തൃ ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ വികലാംഗ ക്ഷേമ കോർപ്പറേഷൻ തയ്യാറാക്കുന്ന അന്തിമ ലിസ്റ്റ് സാമൂഹ്യനീതി ഡയറക്ടർ ചെയർമാനായുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകുന്നു. ഓരോ ഉപകരണങ്ങളുടെയും Specification സംബന്ധിച്ച തീരുമാനങ്ങളും ടി കമ്മിറ്റിയിൽ എടുക്കുന്നു.

**ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ**

1. സാമൂഹ്യനീതി ഡയറക്ടർ - ചെയർമാൻ
2. വികലാംഗ ക്ഷേമ കോർപ്പറേഷൻ എം.ഡി. - മെമ്പർ
3. പ്രോജക്ട് കോ-ഓർഡിനേറ്റർ, SID - മെമ്പർ
4. ആരോഗ്യ വകുപ്പ് പ്രതിനിധി - മെമ്പർ
5. ഭിന്നശേഷി മേഖലയിലെ Assistive Solutions Expert

AN

- ഏത് ഉപകരണമാണോ ആവശ്യപ്പെടുന്നത് അത് ഉപയോഗിക്കുന്നതിനുള്ള കഴിവും ഭൗതിക സാഹചര്യങ്ങളും ഉണ്ടായിരിക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ ഒരേ ആവശ്യത്തിലേയ്ക്കായി സഹായ ഉപകരണങ്ങൾ വാങ്ങിയിട്ടില്ലായെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സത്യവാങ്മൂലം.
- വികലാംഗ ക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾക്കനുസൃതമായി സഹായ ഉപകരണങ്ങൾ അനുയോജ്യമാക്കി മാറ്റേണ്ടതാണ്.
- മേൽ കാണുന്ന മാനദണ്ഡങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം സാമൂഹ്യനീതി ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

<u>നിർവ്വഹണം</u>

- ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പരസ്യം നൽകി അപേക്ഷ സ്വീകരിക്കുന്നു.
- ലഭ്യമായ അപേക്ഷയിൻമേൽ വ്യക്തമായ അന്വേഷണം നടത്തി ഷോർട്ട് ലിസ്റ്റ് ചെയ്യുന്നു.
- ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിന് പദ്ധതി പ്രകാരമുള്ള യോഗ്യതകളുള്ള ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ വൈകല്യ തോത് അനുസരിച്ച് മുൻഗണന നൽകാവുന്നതാണ്.
- സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനെ പദ്ധതി നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കാവുന്നതാണ്.
- വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന അർഹതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തവർക്ക് സഹായ ഉപകരണങ്ങൾ വിതരണം നടത്തുന്നു.

AN

**മോണിറ്ററിംഗ് കമ്മിറ്റി**

പദ്ധതിയുടെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസറെ കൺവീനറാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതു മുതൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ഉപകരണം 100% പ്രവർത്തന യോഗ്യമാണെന്ന് വിലയിരുത്തേണ്ടതും സാമൂഹ്യനീതി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ ചുമതലയാണ്.

**മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ**

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ
2. ജില്ലാ കളക്ടറുടെ പ്രതിനിധി
3. ആരോഗ്യ വകുപ്പ് പ്രതിനിധി

**ബഡ്ജറ്റ് & ശീർഷകം**

പ്രസ്തുത പദ്ധതി വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 1 കോടി രൂപ വേണ്ടി വരുന്നതാണ്. ആയത് 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

AN